**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം. 3242** **19.06.2019 - ലെ മറുപടിക്ക്**

## മലയോര വികസന ഏജൻസി

**ചോദ്യം** **ഉത്തരം**

ശ്രീ. രാജു എബ്രഹാം - പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | മലയോര വികസന ഏജൻസി (ഹാഡ) രൂപീകരിച്ചതിനുശേഷം റാന്നി നിയോജക മണ്ഡലത്തിൽ ഇതുവരെ അനുവദിച്ചിട്ടുള്ള പ്രവൃത്തികളും അവയുടെ തുകയും ഇനംതിരിച്ച് വ്യക്തമാക്കാമോ; | (എ) | മലയോര വികസന ഏജൻസി (ഹാഡ) രൂപീകരിച്ചതിനുശേഷം റാന്നി നിയോജക മണ്ഡലത്തിൽ ഇതുവരെ അനുവദിച്ചിട്ടുള്ള പ്രവൃത്തികളും അവയുടെ തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ഏജൻസി മുഖേന 2017-18 ൽ എത്ര പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | പ്രസ്തുത ഏജൻസി മുഖേന 2017-18 ൽ പുതിയ പദ്ധതികൾക്ക് അനുമതി നൽകിയിട്ടില്ല. |
| (സി) | 2019-20 വർഷത്തെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതെന്നുമുതലാണെന്ന് അറിയിക്കാമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | 25.08.2017 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.35/2017/ആസൂത്രണം പ്രകാരം മലയോര വികസന ഏജൻസിയുടെ (ഹാഡ) പ്രവർത്തനം അവസാനിപ്പിച്ചു. |

Deep

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മലയോര വികസന ഏജൻസി മുഖേന റാന്നി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

### ഹാഡ - നബാർഡ് ആർ. ഐ. ഡി. എഫ് പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | പഞ്ചായത്ത് | ബ്ലോക്ക് | ജില്ല | ഭരണാനുമതി നൽകിയ തുക | നൽകിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | ആങ്ങാമൂഴി തോട് ചെക്ക് ഡാം | സീതത്തോട് | റാന്നി | പത്തനംതിട്ട | 3000000 | ഇല്ല | പദ്ധതി റദ്ദാക്കി |

### ഹാഡ സംസ്ഥാന പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | പഞ്ചായത്ത് | ബ്ലോക്ക് | ജില്ല | ഭരണാനുമതി നൽകിയ തുക | നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ഗുരുനാഥൻ മണ്ണ് കുന്നം റോഡ് | സീതത്തോട് | റാന്നി | പത്തനംതിട്ട | 1000000 | 998994 |
| 2 | സ്വാമിപ്പടി കോട്ടപ്പാറ റോഡ് | സീതത്തോട് | റാന്നി | പത്തനംതിട്ട | 1000000 | 995044 |
| ആകെ | | | | | **2000000** | **1994038** |

### ഹാഡ പഴം പച്ചക്കറി വികസനം

| ക്രമ നം. | പദ്ധതിയുടെ പേര് | ബ്ലോക്ക് | ജില്ല | നൽകിയ തുക | ചെലവഴിച്ച തുക | തിരിച്ചടച്ച തുക |
|---|---|---|---|---|---|---|
| 1 | പഴം പച്ചക്കറി വികസനം | റാന്നി | പത്തനംതിട്ട | 2600000 | 2519769 | 80231 |
| 2 | പഴം പച്ചക്കറി വികസനം | ഏലന്തൂർ | പത്തനംതിട്ട | 2600000 | 2565788 | 34212 |
| ആകെ | | | | **5200000** | **5085557** | **114443** |

Deep

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് - ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന മലയോര വികസന ഏജൻസിയുടെ (ഹാഡ) പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ടും ആസ്തി ബാധ്യതകൾ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിനെ ഏൽപിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**ആസൂത്രണ സാമ്പത്തിക കാര്യ (എഫ്) വകുപ്പ്**

**സ.ഉ.(എം.എസ്)നം.35/2017/പ്ലാനിങ് തീയതി. തിരുവനന്തപുരം.25.08.2017.**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം- (1). സ.ഉ.(എം.എസ്) നം.60/2011/പ്ലാനിങ് തീയതി.14.11.2011

(2). സ.ഉ.(എം.എസ്) നം.62/2011/പ്ലാനിങ് തീയതി.26.11.2011

(3). 25.05.17 ലെ സ.ഉ.(സാധ) 321/2017/പ്ലാനിങ് നമ്പർ ഉത്തരവ്.

(4). 07.08.2017 തീയതിയിലെ മലയോര വികസന ഏജൻസിയുടെ ഗവേണിങ് ബോഡി യോഗത്തിന്റെ മിനിറ്റ്സ്.

**ഉത്തരവ്**

സംസ്ഥാനത്തെ മലയോര പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനായി സൂചന (1) പ്രകാരം മലയോര വികസന ഏജൻസി രൂപീകരിക്കുകയും ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി (ഹാഡ) യുടെ ഭരണ നിർവ്വഹണത്തിനായുള്ള ഗവേണിങ് ബോഡിയുടേയും എക്സിക്യൂട്ടീവ് കമ്മറ്റിയുടേയും ഘടന നിഷ്കർഷിച്ച് സൂചന(2) പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തു. നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാട്ട് സെൽ, അഹാഡ്സ്, മറ്റു സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 1955-ലെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് പ്രകാരം 28.05.2012 ന് മലയോര വികസന ഏജൻസി (ഹാഡ) രജിസ്റ്റർ ചെയ്തു.

2. മലയോര വികസന ഏജൻസിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ഹാഡയുടെ ഗവേണിംഗ് ബോഡി യോഗം 07.08.2017 ൽ ചെയർമാനായ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ഹാഡയുടെ പ്രവർത്തനലക്ഷ്യം പൂർണ്ണതോതിൽ കൈവരിക്കുന്നതിന് ഇപ്പോൾ ഈ സ്ഥാപനം നടത്തുന്ന പ്രവർത്തികൾ സർക്കാർ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് കൂടുതൽ മെച്ചപ്പെടുമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വിശേഷാൽ പ്രമേയം പാസാക്കുകയും ചെയ്തു.

"ഹാഡയുടെ പ്രവർത്തനലക്ഷ്യം പൂർണ്ണതോതിൽ കൈവരിക്കുന്നതിന് ഇപ്പോൾ ഈ സ്ഥാപനം നടത്തുന്ന പ്രവർത്തികൾ സർക്കാർ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് കൂടുതൽ മെച്ചപ്പെടുമെന്ന് ഈ ഗവേണിംഗ് ബോഡി യോഗം കരുതുന്നു. ഹാഡ എന്ന ഏജൻസിയുടെ ബൈലാ ക്ലോസ് 15, തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ടിലെ വകുപ്പ് 23 പ്രകാരം ഹാഡ എന്ന ഏജൻസി പിരിച്ചു വിടാമെന്നും 31/10/2017-ാം തീയതിക്കുള്ളിൽ ഈ ഏജൻസിയുടെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി ബാധ്യതകൾ തീർത്ത് നീക്കിയിരിപ്പ് സർക്കാരിൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിനെ ഏൽപ്പിക്കുന്നതിന് ഈ ഗവേണിംഗ് ബോഡി യോഗം തീരുമാനിക്കുന്നു."

3. ഗവേണിങ് ബോഡി യോഗ തീരുമാനത്തിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i. മലയോര വികസന ഏജൻസിയുടെ ബൈലാ ക്ലോസ് 15, തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ടിലെ വകുപ്പ് 23 പ്രകാരം ഹാഡ എന്ന ഏജൻസി പിരിച്ചു വിട്ടുകൊണ്ടുള്ള 07.08.2017 ൽ ചേർന്ന ഗവേണിങ് ബോഡി യോഗത്തിന്റെ തീരുമാനം അംഗീകരിച്ച് മലയോര വികസന ഏജൻസി (ഹാഡ) പിരിച്ചു വിട്ടുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ii. മലയോര വികസന ഏജൻസിയുടെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി ബാധ്യതകൾ തീർത്ത് നീക്കിയിരിപ്പ് സർക്കാരിൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കൈമാറുന്നതിന് ഉത്തരവാകുന്നു.

iii. ഹാഡയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർ എത്രയും വേഗം അവരുടെ മാതൃ വകുപ്പുകളിലേയ്ക്ക് തിരികെ പോകേണ്ടതാണ്. തുടർ നടപടികൾക്കായി അത്യാവശ്യം ജീവനക്കാരെ മാത്രം നിലനിർത്തി ബാക്കിയുള്ള ദിവസ വേതന ജീവനക്കാരെ ഉടൻതന്നെ പിരിച്ചു വിടേണ്ടതാണ്.

iv. ഹാഡയിൽ നിന്നും ഭരണാനുമതി നൽകിക്കഴിഞ്ഞ പ്രവർത്തികൾ (സംസ്ഥാന പ്ലാൻ / നബാർഡ് ആർ.ഐ.ഡി.എഫ്) നടന്നുകൊണ്ടിരിക്കുന്നവയും, പൂർത്തീകരണ ഘട്ടത്തിൽ എത്തിയവക്ക് ഫണ്ട് വിതരണം തുടങ്ങിയ തുടർ നടപടികൾ സർക്കാർ നിശ്ചയിക്കുന്ന ഏജൻസി ഏറ്റെടുത്ത് നിർവ്വഹിക്കേണ്ടതാണെന്നും ഇതിനായി നിലവിലെ ഹാഡയുടെ റ്റി.എസ്.ബി. അക്കൗണ്ട് ഏറ്റെടുക്കുന്ന ഏജൻസിയുടെ അധികാരിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി തേടി പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം കൈമാറ്റംചെയ്യേണ്ടതാണ് എന്നും ഉത്തരവാകുന്നു.

v. ഹാഡയുടെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും നീക്കിയിരിപ്പ്, ഫയലുകളും ഓഫീസ് ഉപകരണങ്ങളും ഫർണ്ണീച്ചറുകളും വാഹനവുമുൾപ്പെടെ മുഴുവൻ ആസ്തികളും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കൈമാറുന്നതിന് ഹാഡ സെക്രട്ടറിയെ ഇതിനാൽ ചുമതലപ്പെടുത്തുന്നു. കൂടാതെ വാടകകെട്ടിടം ഒഴിയുക, ഫോൺ സറണ്ടർ ചെയ്യുക തുടങ്ങിയ നടപടികൾ ഹാഡ സെക്രട്ടറി എത്രയും വേഗം പൂർത്തിയാക്കേണ്ടതുമാണ്.

vi. മലയോര വികസന ഏജൻസിയെ സർക്കാർ ഏറ്റെടുക്കുന്നതു വരെയോ, അല്ലെങ്കിൽ 31.10.2017 വരെയോ, ഏതാണോ ആദ്യം അതുവരെ ജീവനക്കാരുടെ ശമ്പളം, മറ്റ് ദൈനംദിന ചിലവുകൾ, ഓഫീസ് ഉപകരണങ്ങൾ മാറ്റുന്നതിനുള്ള ചിലവുകൾ എന്നിവ നിലവിലുള്ള ഹാഡയുടെ സ്പെഷൽ റ്റി.എസ്.ബി.അക്കൗണ്ട് നം.139 ൽ നിന്നും വഹിക്കുന്നതിന് ഹാഡ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

vii. മേൽ പറഞ്ഞ പ്രകാരം ആസ്തി ബാധ്യതകൾ ഏറ്റെടുക്കുന്നതിന് പരാമർശം (3) പ്രകാരം നിയുക്തനായ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിലെ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

viii. മലയോര വികസന ഏജൻസി നിലവിൽ നടപ്പാക്കി വരുന്ന സംസ്ഥാന പദ്ധതികൾ 31.12.2017 ന് മുൻപും, നബാർഡ് പദ്ധതികൾ 31.03.2018 ന് മുൻപും പൂർത്തിയാക്കുന്നതിനുള്ള ഊർജ്ജസ്വലമായ നടപടികൾ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിലെ പശ്ചിമഘട്ട സെൽ മുഖാന്തിരം നിർവ്വഹിക്കേണ്ടതാണ്.

ix ഹാഡയുടെ പ്രവർത്തനം അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം പ്രസ്തുത വിവരം ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് നബാർഡിനെ അറിയിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
വി.എസ്.സെന്തിൽ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി മലയോര വികസന ഏജൻസി, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, പശ്ചിമ ഘട്ട സെൽ, തിരുവനന്തപുരം.
കമ്മീഷണർ, റൂറൽ ഡവലപ്മെന്റ്, തിരുവനന്തപുരം.
പ്രോജക്ട് ഡയറക്ടർ, അഹാഡ്സ്, തിരുവനന്തപുരം.
ചീഫ് കൺസർവേറ്റർ, ഫോറസ്റ്റ്( വികസനം), തിരുവനന്തപുരം.
ചീഫ് (അഗ്രികൾച്ചർ), സ്റ്റേറ്റ് പ്ലാനിങ് ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (നം.അഗ്രി-ബി1/ 93/ 2017/ ഫിൻ തിയതി. 25. 03. 2017 പ്രകാരം)
പൊതുഭരണ (സ്പെഷ്യൽ ബി & ഇ) വകുപ്പ്.
വെബ് & ന്യൂ മീഡിയ ഡിവിഷൻ, ഐ & പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആസൂത്രണ സാമ്പത്തിക കാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ